**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3064** **01-03-2023 - ൽ മറുപടിയ്ക്ക്**

**ദേശീയപാത വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്‌തീൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ദേശീയപാത വികസനത്തിനും നവീകരണത്തിനും വേണ്ടി ചെലവിടുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് ദേശീയപാത വികസനത്തിനും നവീകരണത്തിനുമായി ദേശീയപാത അതോറിറ്റി 13,943.33 കോടി രൂപയും MoRTH Fund ൽ നിന്നും 314.32 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. ദേശീയപാത 66 ന്റെ വീതികൂട്ടലിന് ആവശ്യമായ ഭൂമി ഏറ്റെടുക്കലിന്റെ 25% തുക സംസ്ഥാനം വഹിക്കുന്നതുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റി, കിഫ്ബി, പൊതുമരാമത്ത് വകുപ്പ് എന്നിവർ ഉൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുന്നതിന് സഉ(കൈ)നം. 36/2019/പൊമവ തീയതി 08.08.2019 പ്രകാരം അനുമതി നൽകുകയും, ദേശീയപാത 66 ന്റെ ഭൂമി ഏറ്റെടുത്തതിന്റെ സംസ്ഥാന വിഹിതമായി ആകെ 5580,73,80,071/- രൂപ അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഒപ്പ് വച്ച ത്രികക്ഷി കരാറിന്റെ പരിധി NH 85, പാലക്കാട്- കോഴിക്കോട്, തിരുവനന്തപുരം-അങ്കമാലി ഗ്രീൻഫീൽഡ് അലൈൻമെന്റുകൾ എന്നിവയ്ക്ക് കൂടി സഉ(കൈ)നം.18/2021/പൊമവ തീയതി 26.02.2021 പ്രകാരം ബാധകമാക്കിയിട്ടുണ്ട്. |
| (ബി) | ദേശിയപാത വികസനത്തിനായി സ്ഥലം ഏറ്റെടുക്കേണ്ടിവരുന്ന അവസരത്തിൽ സ്ഥലം ഉടമകൾക്ക് പണം നൽകുന്നതിന് കേന്ദ്ര സഹായം ലഭിക്കാറുണ്ടോ; എങ്കിൽ ആയത് എത്രയെന്ന് വ്യക്തമാക്കാമോ? | (ബി) | ദേശീയപാത വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി ഇതുവരെ 22727.32 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ദേശീയപാത 66 ന്റെ ഭൂമി ഏറ്റെടുക്കുന്നതിന്റെ 25% സംസ്ഥാനസർക്കാർ വഹിക്കണമെന്ന കരാർ പ്രകാരം 5580.738 കോടി രൂപ സംസ്ഥാനത്തിന്റെ വിഹിതമാണ്.<br><br>കൂടാതെ സംസ്ഥാന സർക്കാർ NH 966, NH 85, Green field alignment parallel to MC Road മുതലായവയുടെ സ്ഥലം ഏറ്റെടുപ്പ് തുകയുടെ 25 % വഹിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ